LIBRARY ARCHIVES Kerala Legislative Assembly

പുറത്ത് വരുന്നത് തടയുന്നതിനായി 50.45 കി.മീ. സൗരോർജ്ജവേലി, 7.44 കി.മീ. ആന പ്രതിരോധ കിടങ്ങ് എന്നിവ സ്ഥാപിക്കുകയും അവയുടെ അറ്റകുറ്റപണികൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 88.50 കി.മീ. സൗരോർജ്ജവേലി നിർമ്മാണത്തിനുള്ള നടപടി പുരോഗമിച്ച് വരുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പുലി, കടുവ എന്നിവയുടെ വർദ്ധിച്ചുവരുന്ന ശല്യം പ്രതിരോധിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

പുലി, കടുവ എന്നിവയുടെ സാന്നിദ്ധ്യം വർദ്ധിച്ച തോതിൽ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ ഇത്തരം പ്രദേശങ്ങളിൽ രണ്ട് തവണ കൂട് സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം പൊതുവപ്പാടം ഭാഗത്തുനിന്നും കൂട് സ്ഥാപിച്ച് പുലിയെ പിടികൂടിയിട്ടുണ്ട്. കൂടാതെ മണ്ണാർക്കാട് ഡിവിഷനിലെ പ്രശ്നബാധിത പ്രദേശങ്ങളിൽ ഒരു കി.മീ. ആനപ്രതിരോധ കിടങ്ങ്, 33.50 കി.മീ. സൗരോർജ്ജ വേലി, 31.50 കി.മീ. ഹാങ്ങിംഗ് പവ്വർ ഫെൻസ്, ഏർലി വാർണിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനും വിസ്താ ക്ലിയറൻസ്, പുതിയ ആർ.ആർ.ടി. സ്ഥാപിക്കൽ, ജലാശയങ്ങൾ നിർമ്മിക്കലും പരിപാലനവും, ആർ.ആർ.ടി.-ക്കുള്ള വിവിധ ഉപകരണങ്ങൾ ലഭ്യമാക്കൽ, ടെയിനിംഗ് തുടങ്ങി പ്രവൃത്തികൾ മനുഷ്യ-വന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം

193(939) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ ഏതൊക്കെ നിർദ്ദേശങ്ങൾ നാളിതുവരെ നടപ്പാക്കിയിട്ടുണ്ട്; ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. റൂം ഫോർ റിവർ പദ്ധതി- റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. തോട്ടപ്പള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ എന്നിവയുടെ നവീകരണവും എ.സി. കനാലിന്റെ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവയാണ് ഈ പദ്ധതിയിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

വിഭാവന ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപായി വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തുകയും കരാറിൽ ഒപ്പുവെച്ചിട്ടുള്ളതുമാണ്. പ്രാരംഭ പഠനങ്ങൾ ചെന്നൈ ഐ.ഐ.റ്റി. ആരംഭിച്ചു കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

2. പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തലും തോടുകളുടെ നവീകരണവും-2019-20, 2020-21 ബഡ്ജറ്റിലുൾപ്പെടുത്തി 66 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ തോട്ടപ്പള്ളി സ്പിൽവേയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തിയും ഇതിലുൾപ്പെടുന്നതാണ്. ഈ പ്രവൃത്തികൾക്കുള്ള തുക പ്ലാൻ സ്കീമിലും നബാർഡിലും ഉൾപ്പെടുത്തി ലഭിച്ചിട്ടുള്ളതാണ്. കൂടാതെ 2021-22 ബഡ്ജറ്റിലുൾപ്പെടുത്തി 39 പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിക്കുന്ന പ്രവൃത്തികൾക്ക് പ്ലാൻ സ്കീമിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും നബാർഡ് സ്കീമിലുൾപ്പെടുത്തി 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തോടുകളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികളും ഈ സ്കീമിലുൾപ്പെടുത്തിയിട്ടുണ്ട്.

തൃശ്ശൂർ നിയോജക മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ

194(940) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ തൃശ്ശൂരിൽ നിലവിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അനുവദിച്ച തീയതി, എസ്റ്റിമേറ്റ് തുക, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവയുടെ തീയതികൾ, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുമോ?

(എ & ബി) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നിലവിൽ അനുവദിച്ച മേജർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.